എം.റ്റി.(3) 9241/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 07.12.2018.
Website: www.cooperation.kerala.gov.in
e-mail : keralarcs@coop.kerala.gov.in

**സർക്കുലർ നമ്പർ 62/2018**

വിഷയം:- സഹകരണ വകുപ്പ്- "കൃതി-2019" പരസ്യം നൽകുന്നത്-സഹകരണ സ്ഥാപനങ്ങൾക്ക് അനുമതി -സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ ചേംബറിൽ 24.11.2018 ൽ നടന്ന യോഗ തീരുമാനം.

*********

സംസ്ഥാന സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം സംഘടിപ്പിക്കുന്ന "കൃതി - 2019" അന്താരാഷ്ട്ര പുസ്തക മേളയുടേയും വിജ്ഞാനോൽസവത്തിന്റേയും രണ്ടാം പതിപ്പ് 2019 ഫെബ്രുവരി 8 മുതൽ 17 വരെ എറണാകുളം മറൈൻഡ്രൈവിൽ നടക്കുകയാണ്. പ്രളയാനന്തര കേരളത്തിന് പിന്തുണയുമായി ഈ വർഷം നടത്തുന്ന മേള, നവകേരള സൃഷ്ടിക്കായി ബൗദ്ധികവും സാംസ്കാരികവുമായ ഊർജ്ജം നൽകുന്നതാണ്. ദേശിയ അന്തർദ്ദേശീയ തലത്തിൽ അറിവും അനുഭവ സമ്പത്തുമുള്ള വിദഗ്ധരും സാഹിത്യകാരൻമാരും സാംസ്കാരിക പ്രവർത്തകരും പങ്കെടുക്കുന്ന മേളയുടെ നടത്തിപ്പിലേക്ക് വലിയൊരു തുക ആവശ്യമാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ അന്തർദ്ദേശീയ തലം വരെ ഉയർത്തുന്ന ഒരു പരിപാടിയാണിത്. പ്രസ്തുത സംരംഭത്തിന്റെ വിജയകരമായ നടത്തിപ്പിലേക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ അവരവരുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരസ്യങ്ങൾ നൽകി പങ്കാളികളാകുന്നതിന് അനുമതി നൽകുന്നു.

(ഒപ്പ്)

എസ്. ഷാനവാസ്, .ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. സെക്രട്ടറി, സഹകരണ വകുപ്പ് (അറിവിലേക്കായി)
2. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
3.എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4.എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
5.എല്ലാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ
(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
6.സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. സെക്രട്ടറി, സാഹിത്യ പ്രവർത്തക സഹകരണ സംഘം
8.വെബ് സൈറ്റ്
9.സ്റ്റോക്ക്ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി.സെക്ഷൻ)

പി